# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7946 — 24-07-2012-ൽ മറുപടിക്ക്

## കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതു വഴി കഴിഞ്ഞ സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി ; | (എ) മീറ്റർ കേടായ കാലയളവിലെ ഉപഭോഗം മീറ്റർ കേടാകുന്നതിന് മുമ്പുളള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കി വരുന്നു. ആയതിനാൽ മീറ്റർ കേടായ വകയിൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല . |
| (ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര മീറ്ററുകളാണ് കേടായി കിടക്കുന്നത്; നിലമ്പൂർ ഡിവിഷനിൽ എത്ര മീറ്ററുകളാണ് കേടായി കിടക്കുന്നത്; | (ബി) 30.06.20ലെ കണക്കനുസരിച്ച് സംസ്ഥാന മൊട്ടാകെ 5.25 ലക്ഷം കേടായ മീറ്ററുകൾ നിലവിലുണ്ട്. നിലമ്പൂർ ഡിവിഷനിൽ 16,663 സിങ്കിൾ ഫേസ് മീറ്ററുകൾ കേടായി കിടക്കുന്നുണ്ട്. |
| (സി) ആകെയുള്ള മീറ്ററുകളിൽ പകുതിയും കേടായ മീറ്ററുകളുള്ള സെക്ഷനുകൾ സംസ്ഥാനത്തുണ്ടോ;ഉപഭോക്താക്കളുടെ അനിയന്ത്രിതമായ വൈദ്യുതി ഉപഭോഗമാണ് മീറ്ററുകൾ കേടാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) ആകെയുളള മീറ്ററുകളിൽ പകുതിയും കേടായ മീറ്ററുകളുളള സെക്ഷനുകൾ നിലവിലില്ല. ഉപഭോക്താക്കളുടെ അനിയന്ത്രിതമായ വൈദ്യുതി ഉപഭോഗമാണ് മീറ്ററുകൾ കേടാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | നിലവിലുള്ള കേടായ മീറ്ററുകൾ മുഴുവനും മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 37 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഇ) | സംസ്ഥാനത്ത് എത്ര എച്ച്. ടി (വ്യാവസായികം)ഉപഭോക്താക്കളുടെ മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (ഇ) | സംസ്ഥാനത്ത് എച്ച്.ടി ഉപഭോക്താക്കളുടെ 59 മീറ്ററുകളാണ് പ്രവർത്തന രഹി തമായിട്ടുളളത്. |
| (എഫ്) | നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ചു നൽകുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ്; വ്യക്തമാക്കുമോ ? | (എഫ്) | കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനി, എൽ & റ്റി ചെന്നൈ, ഐ.സി.എസ്.എ, ഹൈദ്രബാദ് എന്നീ കമ്പനികളിൽ നിന്നുമാണ് ഈ അടുത്ത സമയത്ത് സിംഗിൾ ഫേസ് എൽസിഡി മീറ്ററുകൾ വാങ്ങിയത്.<br>എൽ & റ്റി ചെന്നൈ, സെക്യൂർ മീറ്റേഴ്സ് ബംഗ്ളൂർ എന്നീ കമ്പനികളിൽ നിന്നുമാണ് ത്രീഫേസ് റ്റി.ഒ.ഡി മീറ്ററുകൾ വാങ്ങിയത്. |

സെക്ഷൻ ഓഫീസർ.